"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നെടുമങ്ങാട് നഗരസഭ - വിവിധ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.ഷെറി ജി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2451/2025/LSGD തീയതി,തിരുവനന്തപുരം, 08-10-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.10.2024 തീയതിയിലെE19-(PE-9/2023/SIU-1) 8929/2021/DVACB നമ്പർ കത്തും അനുബന്ധ രേഖകളും
2. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി ജി-യ്ക്ക് നൽകിയ 23.01.2025 തീയതിയിലെ ഇയു4/224/2024-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ.ഷെറി ജി സമർപ്പിച്ച 12.05.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2025 തീയതിയിലെ LSGD/PD/3326/2025-VIGA5 നമ്പർ കത്ത്.

**ഉത്തരവ്**

നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എസ്. നാരായണനെതിരെ നഗരസഭ ചെയർപേഴ്സൺ, കൗൺസിൽ യോഗത്തിൽ സമർപ്പിച്ച അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള ആരോപണളിൽ അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേലും ശ്രീ.എം.എസ്.വിജയ് എന്നയാൾ ബഹു. കേരള മുഖ്യമന്ത്രിക്ക് നൽകിയ ഇതേ ആരോപണങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പരാതിയിന്മേലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2.പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ, നെടുമങ്ങാട് നഗരസഭ പരിധിയിലെ എസ്.യു.റ്റി ആശുപത്രിയുമായി ബന്ധപ്പെട്ട അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസരണമുള്ള നികുതി ചുമത്തി തുടർ നടപടികൾക്ക് തുടക്കമിട്ടത് ശ്രീ.എസ്.നാരായണന് ശേഷം സെക്രട്ടറിയായി ചുമതലയേറ്റ ശ്രീ.ഷെറി.ജി-യാണെന്നും എന്നാൽ നികുതി കുടിശ്ശിക നിലവിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് കുടിശ്ശിക നികുതി മുഴുവൻ ഈടാക്കാതെ പുതിയ വർഷത്തെ നികുതി സ്വീകരിച്ച് രസീത് നൽകിയത് ചട്ടവിരുദ്ധമാണെന്നും ആയതിൽ ശ്രീ.ഷെറി.ജി-യിൽ നിന്നും വിശദീകരണം വാങ്ങി ഉചിത വകുപ്പ്തല നടപടി സ്വീകരിക്കണമെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്നു. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി.ജി-യ്ക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

3.ശ്രീ.ഷെറി ജി കുറ്റാരോപണ മെമ്മോ/പത്രിക- 12.02.2025 തീയതിയിൽ കൈപ്പറ്റുകയും പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. നെടുമങ്ങാട് നഗരസഭയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുറ്റാരോപണ മെമ്മോയിലെ നിലവിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് കുടിശ്ശിക നികുതി മുഴുവൻ ഈടാക്കാതെ പുതിയ വർഷത്തെ നികുതി സ്വീകരിച്ച് രസീത് നൽകിയത് ചട്ടവിരുദ്ധമാണെന്നുള്ള ആരോപണം നിഷേധിക്കുന്നതായും രസീത് നൽകിയിട്ടില്ലെന്നും എന്നാൽ ശ്രീ. അരുൺകുമാർ, ട്രസ്റ്റി, മുകാംബിക ചാരിറ്റബിൾ ആന്റ് എഡ്യുക്കേഷണൽ ട്രസ്റ്റ്, SUT അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് വേങ്കോട്, വട്ടപ്പാറ എന്നവർ ബാങ്ക് ട്രാൻസ്ഫർ ചെയ്ത രൂപ 31,47,626/- (മുപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി അറുനൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) അടച്ചുവെന്ന ഒരു സർട്ടിഫിക്കറ്റ് മാത്രമാണ് നൽകിയതെന്നും എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റിൽ 2020-21 ഒന്നാം അർദ്ധ വർഷം എന്നതിനു പകരം ക്ലറിക്കൽ തെറ്റായി 2021-22 ഒന്നാം അർദ്ധ വർഷം എന്ന് രേഖപ്പെടുത്തിയത് മനസ്സിലായതിനുശേഷം അതേ മാസം 31-ന് 2020-21 സാമ്പത്തിക വർഷത്തേക്കുള്ള തുക ഒടുക്കുന്നതിന് നോട്ടീസ് നൽകുകയും തുടർന്ന് 06/12/2021-ന് വീണ്ടും നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും ടി സ്ഥാപനം 2021-22 ഒന്നാം അർദ്ധ വർഷത്തേക്കുള്ള നികുതി ഒടുക്കിയതായിട്ടുള്ള രസീത് തന്റെ കാലയളവിൽ നൽകിയിട്ടില്ലാത്തതാണെന്നും ടി സ്ഥാപനം 2024-25 സാമ്പത്തിക വർഷം വരെയുള്ള മുഴുവൻ കാലയളവിലെയും നികുതി നഗരസഭയിലെ ഒടുക്കിയതായി രേഖകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണെന്നും ആയതിനാൽ തുടർനടപടികളിൽനിന്നും ഒഴിവാക്കണമെന്നും ശ്രീ ഷെറി ജി പ്രതിവാദ പത്രികയിൽ വിശദീകരിച്ചിരുന്നു.

4. ശ്രീ.ഷെറി ജി സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ SUT ഹോസ്പിറ്റലിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം UA നമ്പർ നൽകി മൂന്നിരട്ടി വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സെക്രട്ടറി ശ്രീ. ഷെറി ജി. സ്വീകരിച്ചതായി കാണുന്നുവെന്നും SUTAMS-ന്റെ വസ്തുനികുതി ഇളവിനുള്ള അപേക്ഷ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് തീർപ്പാക്കിയതായും 2020-21 വർഷത്തെ വസ്തു നികുതി അടവാക്കിയെന്ന് തെറ്റായ സാക്ഷ്യപത്രം നൽകിയെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഹോസ്പിറ്റൽ അടവാക്കേണ്ട നികുതി കുടിശ്ശിക ഈടാക്കുന്നതിന് അതേമാസം 31/08/2021 നും 06/12/2021 നും പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകിയതായും ശ്രീ. ഷെറി ജി. സെക്രട്ടറിയായി ജോലി ചെയ്തു വന്ന കാലയളവിലാണ് SUT ഹോസ്പിറ്റലിലെ അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസരണമുള്ള നികുതി ചുമത്തി തുടർനടപടികൾക്ക് തുടക്കമിട്ടതെന്നും ടിയാളുടെ ചട്ടപ്രകാരമുള്ള നടപടികൾ കാരണമാണ് SUT ഹോസ്പിറ്റലിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള വസ്തുനികുതി ചുമത്തുന്നതിലും 2024-25 വർഷം വരെ ഇപ്രകാരം ചുമത്തിയ മുഴുവൻ നികുതിയും, സേവന നികുതിയും ഈടാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് സാധിച്ചിട്ടുള്ളതെന്നും ആയതിനാൽ ശ്രീ. ഷെറി ജി-യുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും ടിയാൻ 31/05/2025 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. SUT ആശുപത്രിയുമായി ബന്ധപ്പെട്ട അനധികൃത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടും ആരോപണ വിധേയരായ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി ജി, സമർപ്പിച്ച

പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. ഷെറി ജി യുടെ ചട്ടപ്രകാരമുള്ള നടപടികൾ കാരണമാണ് SUT ഹോസ്പിറ്റലിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള വസ്തുനികുതി ചുമത്തുന്നതിലും 2024-25 വർഷം വരെ ഇപ്രകാരം ചുമത്തിയ മുഴുവൻ നികുതിയും, സേവന നികുതിയും ഈടാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് സാധിച്ചിട്ടുള്ളതെന്നുമുള്ള വസ്തുത കണക്കിലെടുത്ത് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

6. ആയതിനാൽ നെടുമങ്ങാട് നഗരസഭയിലെ വിവിധ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി.ജി (PEN 738823)-യ്ക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാളെ തുടർനടപടികളിൽനിന്നും ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ.ഷെറി ജി, മുൻ നഗരസഭ സെക്രട്ടറി, നെടുമങ്ങാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് (എഫ്) വകുപ്പ് (18.11.2024 തീയതിയിലെ VIG-F1/188/2023-VIG നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ )
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/224/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-10-2025 16:20:42
സെക്ഷൻ ഓഫീസർ